# പതിമൂന്നാം കേരള നിയമസഭ

## പന്ത്രണ്ടാം സമ്മേളനം

നക്ഷത്രചിഹ്നമിട്ട ചോദ്യം നമ്പർ : 372 17.12.2014 ൽ മറുപടിയ്ക്ക്

**ദേശീയ പട്ടികജാതി കമ്മിഷന്റെ നിർദ്ദേശങ്ങളിന്മേലുള്ള നടപടി**

| ചോദ്യം | ഉത്തരം |
|---|---|
| ശ്രീ.ബി. സത്യൻ<br>ശ്രീ. എ.കെ. ബാലൻ<br>ശ്രീമതി.കെ.എസ്.സലീഖ<br>ശ്രീ.പി.റ്റി.എ . റഹീം | ശ്രീ. എ.പി. അനിൽ കുമാർ<br>(പട്ടികജാതി-പിന്നോക്ക സമുദായ ക്ഷേമവും വിനോദസഞ്ചാരവും വകുപ്പ് മന്ത്രി) |
| എ) ദേശീയ പട്ടികജാതി കമ്മിഷൻ സംസ്ഥാനത്തെ സ്ഥിതി സംബന്ധിച്ച് അവലോകനം ചെയ്ത ശേഷം നൽകിയ നിർദ്ദേശങ്ങൾ എന്തൊക്കെയാണ് ; | എ) ജനസംഖ്യാനുപാതത്തിൽ പട്ടികജാതി വിഭാഗത്തിന്റെ സംവരണതോത് 8%ൽ നിന്നും 9% ആയി വർദ്ധിപ്പിക്കുക, എയിഡഡ് വിദ്യാഭ്യാസ സ്ഥാപനങ്ങളിൽ നിയമനങ്ങളിൽ സംവരണം നടപ്പാക്കുക, സംവരണത്തെ സംബന്ധിച്ച് നയപരമായ മാർഗ്ഗ നിർദ്ദേശങ്ങൾ പാലിച്ച് പ്രമോഷനുകളിൽ സംവരണം നടപ്പിലാക്കുക, സ്വകാര്യമേഖലയിലും സംവരണം ഏർപ്പെടുത്തുക, സംസ്ഥാനത്ത് കുടിയേറി പാർക്കുന്ന പട്ടികജാതി വിഭാഗക്കാർക്ക് 'സാക്ഷ്യപത്രം' നൽകുന്നതിനു വേണ്ട നടപടികൾ സ്വീകരിക്കുക, പോസ്റ്റ് മെട്രിക്, പ്രീ മെട്രിക് ഹോസ്റ്റലുകളുടെ അടിസ്ഥാന സൗകര്യം മെച്ചപ്പെടുത്തുക തുടങ്ങിയ ശുപാർശകളാണ് പൊതുവിൽ കമ്മീഷൻ നിർദ്ദേശിച്ചിട്ടുള്ളത്. |
| ബി) പ്രസ്തുത നിർദ്ദേശങ്ങളുടെ അടിസ്ഥാനത്തിൽ സർക്കാർ മേഖലയിൽ പട്ടിക ജാതി ക്കാർക്കുള്ള സംവരണത്തിൽ ഉണ്ടായിട്ടുള്ള കുറവ് നികത്തുവാനും എയ്ഡഡ് സ്കൂൾ നിയമനങ്ങളിൽ സംവരണം ഉറപ്പാക്കാനും എന്തെങ്കിലും നടപടികൾ സ്വീകരിച്ചിട്ടുണ്ടോ;<br><br>സി) സ്വകാര്യമേഖലയിൽ പട്ടിക ജാതി ക്കാരുടെ പ്രാതിനിധ്യം ഉറപ്പാക്കാൻ നടപടി വേണമെന്ന കമ്മീഷൻ നിർദ്ദേശത്തോടുള്ള സർക്കാർ നിലപാട് വ്യക്തമാക്കാമോ ; | ബി)& സി) നിർദ്ദേശങ്ങൾ നടപ്പിലാക്കുന്നതു സംബന്ധിച്ച പ്രായോഗിക വശങ്ങൾ പരിശോധിച്ചു വരുന്നു. |

സെക്ഷൻ ഓഫീസർ